# പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5217 — 06.02.2014 ന് മറുപടിയ്ക്ക്.

## മലയാറ്റൂർ പഞ്ചായത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള റോഡ് പുനർനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ പഞ്ചായത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഷൺമുഖം റോഡും പ്രസ്തുത റോഡിൽ സ്ഥിതി ചെയ്യുന്ന കൊന്തേമ്പിള്ളി പാലവും ഇടിഞ്ഞു വീണ് ശോചനീയാവസ്ഥയിൽ ആയിട്ടും പ്രസ്തുത റോഡും പാലവും ഗതാഗത യോഗ്യമാക്കുവാൻ നടപടി സ്വീകരിക്കാത്തതിനു കാരണം വിശദമാക്കാമോ; | (എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ പഞ്ചായത്തിലെ വനം വകുപ്പിന്റെ അധികാര പരിധിയിൽ കരിമ്പുമുടി സ്റ്റേഷൻ പരിസരത്ത് സെന്റ് തോമസ് പള്ളിയോട് ചേർന്ന് കൊന്തേമ്പിള്ളി പാലവും, ഇതിനോടനുബന്ധമായി ഷൺമുഖം റോഡും സ്ഥിതി ചെയ്യുന്നു. ടി റോഡിന് ഏകദേശം 1 കിലോമീറ്റർ നീളവും, മേൽപ്പറഞ്ഞ പാലത്തിന് 14.5 മീറ്റർ നീളവും 4.6 മീറ്റർ വീതിയുമുണ്ട്. കൂടാതെ കൊമ്പേമ്പിള്ളി തോട്ടത്തിൽ നിന്നും നിന്നും 5.5 മീറ്റർ ഉയരത്തിലാണ് ടി പാലം സ്ഥിതി ചെയ്യുന്നത്. പാലത്തിന് ബീമുകൾ ഇല്ലാത്തതും, കാലപ്പഴക്കത്താൽ അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്നതുമാണ്. 2011-12 വർഷത്തിൽ മേൽപ്പറഞ്ഞ പാലത്തിനോട് അനുബന്ധമായി നിൽക്കുന്ന പാർശ്വഭിത്തിയുടെ നിർമ്മാണം പൂർത്തിയാക്കിയിരുന്നുവെങ്കിലും, കഴിഞ്ഞ മൺസൂൺ കാലഘട്ടത്തിലുണ്ടായ അതിശക്തമായ വെള്ളപ്പൊക്കത്തിലും, പ്രകൃതി ക്ഷോഭത്തിലും ടി പാർശ്വഭിത്തികൾ ഇടിഞ്ഞു പോയിട്ടുണ്ട്. പാലത്തിന്റെ ബലക്ഷയവും, റോഡിന്റെ നിലവിലുള്ള അവസ്ഥയും സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി എൻജിനീയറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയതിൻ പ്രകാരം 45 ലക്ഷം രൂപ പാലത്തിന്റേയും, റോഡിന്റേയും പാർശ്വ-ഭിത്തിയുടേയും നിർമ്മാണത്തിന് വേണ്ടിവരുമെന്ന് പി.ഡബ്ല്യൂ.ഡി കണക്കാക്കി അടങ്കൽ തയ്യാറാക്കി-യിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (ബി) ഈ റോഡും പാലവും എന്ന് ഗതാഗത യോഗ്യമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) ടി ജോലിക്ക് അനുമതിയും, ആവശ്യമായ തുകയും ലഭ്യമാക്കിയ ശേഷമേ തുടർ നടപടി സ്വീകരിക്കാനാവൂ. |

സെക്ഷൻ ഓഫീസർ.